# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 136**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും*
*ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

2024 ജൂലൈ 30–ാം തീയതി പുലർച്ചെ വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ എന്നീ പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടൽ നമ്മുടെ നാട് അഭിമുഖീകരിച്ച അത്യന്തം വേദനാനിർഭരവും അതിഭീതിദവുമായ പ്രകൃതി ദുരന്തമായിരുന്നു. വീട്ടിൽ ഉറങ്ങിക്കിടന്ന നമ്മുടെ സഹോദരങ്ങളായ ഇരുനൂറിലധികം പേർ കുത്തൊഴുക്കിൽപ്പെട്ട് മരണപ്പെടുകയും നിരവധി പേരെ കാണാതാവുകയും ചെയ്തു. പരുക്കേറ്റ അനേകർ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നു. അനേകർ ക്യാമ്പുകളിൽ അഭയം പ്രാപിച്ചിരിക്കുന്നു. ഭവനങ്ങളും റോഡുകളും പാലവും മഴവെള്ളപ്പാച്ചിലിൽ ഒലിച്ചു പോയി. ഈ ഗ്രാമങ്ങൾ തികച്ചും ഒറ്റപ്പെട്ട അവസ്ഥയിലായി. അതിദാരുണമായ അവസ്ഥയിലൂടെ നാട് കടന്നുപോകുന്നു. ആകസ്മികമായി നമ്മോടു വിടപറഞ്ഞ സഹോദരങ്ങളുടെ വേർപാടിൽ അഗാധമായ ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

വളരെ സാഹസികമായി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. സർക്കാർ സംവിധാനങ്ങളുടെ നേതൃത്വവും രാഷ്ട്രീയ, സാമൂഹിക, സന്നദ്ധ സംഘടനകളുടെയും ആതുര സേവന പ്രവർത്തകരുടെയും സമീപവാസികളുടെയും പ്രയത്നങ്ങളും മാതൃകാപരമാണ്. നമ്മുടെ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പാ തിരുമേനിയും വയനാട്ടിലുള്ള പട്ടക്കാരും സുവിശേഷകരും വടുവഞ്ചാൽ കേന്ദ്രമാക്കി സന്നദ്ധപ്രവർത്തനങ്ങൾക്ക് പങ്കാളിത്തവും നേതൃത്വവും നല്കുന്നു.

വേദനാപൂർണ്ണമായ അവസ്ഥയിലൂടെ കടന്നുപോകുന്നവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കേണ്ടതും പ്രവർത്തിക്കേണ്ടതും നമ്മുടെ കടമയാണ്. 2024 ആഗസ്റ്റ് 4–ാം തീയതി ഞായറാഴ്ച പ്രാർത്ഥനാ ദിനമായി വേർതിരിച്ച് നമ്മുടെ എല്ലാ ഇടവകകളും പ്രീയപ്പെട്ടവരുടെ വേർപാടിൽ ദുഖത്തിലായിരിക്കുന്നവരുടെയും, ദുരിതമനുഭവിക്കുന്നവരുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. ആഘോഷങ്ങൾ പരമാവധി കുറച്ചും ആർഭാടങ്ങൾ ഒഴിവാക്കിയും നമ്മുടെ സഹോദരങ്ങളുടെ ദു:ഖത്തിൽ പങ്കു ചേരാം.

അപ്രതീക്ഷിതമായി സംഭവിച്ച ഈ പ്രകൃതിദുരന്തത്തിൽ തീവ്രദു:ഖം അനുഭവിക്കുന്നവർക്ക് നമ്മുടെ സ്രഷ്ടാവും പരിപാലകനും ആശ്വാസദായകനുമായ ദൈവം ദിവ്യമായ സമാധാനവും ആശ്വാസവും പ്രദാനം ചെയ്യട്ടെ.

കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്ന് 2024 ജൂലൈ 31–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 136**

*Blessings to all the Vicars, resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

The landslides that occurred in Chooralmala and Mundakkai areas of Wayanad on the morning of 30th July 2024 is a very painful and terrifying natural calamity our state has faced. More than 200 of our brothers and sisters who were sleeping at home lost their lives in the flood and many are missing. Many injured people are undergoing treatment in hospitals. Many have taken refuge in camps. Houses, roads and bridges were washed away by the torrential rainwater. These villages are completely isolated. Our land is passing through a dire situation. We express deep sorrow and condolence at the loss of our brethren.

The efforts of those involved in the rescue operations are highly commendable. The leadership of government agencies and the efforts of political, social, voluntary organizations, health workers, and local residents are exemplary. Dr. Mathews Mar Makarios Episcopa, our clergy and evangelists in Wayanad are participating in and leading the volunteer activities at Vaduvanchal.

It is our duty to pray and strive for the comfort of those who are going through these painful situations. Sunday, 4th August 2024, is set apart as a day of prayer, and all our parishes are exhorted to pray for the comfort of those who are grieving and suffering at the loss of loved ones. Let us share in the sorrow of our brethren by keeping celebrations to a minimum and avoiding extravagance.

May our Creator, Sustainer, and Comforter grant divine peace and comfort to those who are in agony due to this unexpected natural calamity.

May the grace of the Lord Jesus Christ be with you all.

Dated 31st July 2024 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**